# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2296 10/10/2011 ൽ മറുപടിയ്ക്ക്

## മതിയായ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിന് നടപടി

ചോദ്യം | മറുപടി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോർപ്പസ് ഫണ്ട് അനുവദിക്കാത്തതുമൂലം ആദിവാസി കോളനികളിലേക്കുള്ള റോഡുകളുടെ പണി നിശ്ചലമായ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ആവശ്യത്തിന് കോർപ്പസ് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് വിവിധ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ആവശ്യത്തിന് കോർപ്പസ് ഫണ്ട് ലഭ്യമാക്കുവാനുള്ള നടപടികൾ അതാതു സമയങ്ങളിൽ സ്വീകരിക്കുന്നുണ്ട് |
| (സി) | ത്രിതല പഞ്ചായത്തുകൾ ആദിവാസി മേഖലകളിലെ റോഡ് പണിക്ക് പണം അനുവദിക്കാത്ത സാഹചര്യമെന്തെന്ന് വിശദീകരിക്കുമോ? | (സി) | ത്രിതല പഞ്ചായത്തുകൾക്ക് ആദിവാസി മേഖലകളിലെ മേൽപാലം, നടപ്പാലം തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. എന്നാൽ റോഡുപണിയ്ക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ നിന്നും പണം വകകൊള്ളിക്കാൻ പാടില്ല എന്ന് 14/5/07 ലെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ സ.ഉ. (എം.എസ്) നമ്പർ 128/07/ത.സ്വ.ഭ.വ അനുബന്ധം VI അനുശാസിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ